# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 2, തിങ്കളാഴ്ച

**നമ്പർ 20**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നതും ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതുമായ ചോദ്യ നമ്പർ 212 ഉന്നയിക്കപ്പെട്ടില്ല.)

അനുമോദനം :

ടോക്കിയോ ഒളിമ്പിക്സിൽ ബാഡ്മിന്റണിൽ വെങ്കല മെഡൽ നേടിയ പി. വി. സിന്ധുവിനെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

അടിയന്തരപ്രമേയം :

2021 ആഗസ്റ്റ് 4-ന് അവസാനിക്കുന്ന ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തേക്കുകൂടി നീട്ടി നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി മറ്റു റാങ്ക് ലിസ്റ്റുകൾക്കുകൂടി ബാധകമാക്കുന്നതിന് സർക്കാർ അനുകൂല നടപടി എടുക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP.1197/2021(i).

ശ്രദ്ധ ക്ഷണിക്കൽ :

(1) ലേബർ കോഡുകൾ ഭേദഗതി ചെയ്ത് തൊഴിലാളികളുടെ അവകാശങ്ങൾ ഹനിച്ചത് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. നന്ദകുമാർ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ആശ്വാസകിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ആനുകൂല്യം | ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | പാരിപ്പള്ളിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തിയ സ്ത്രീയുടെ കയ്യിൽനിന്നും മത്സ്യം തട്ടിപ്പറിച്ച് നശിപ്പിച്ച സംഭവം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് റോഡ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി | തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും എക്സൈസും വകുപ്പുമന്ത്രി |
| 5 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളിയിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റവന്യൂ കോംപ്ലക്സ് നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി കാനത്തിൽ ജമീല | വെങ്ങളം-അഴിയൂർ ദേശീയപാത വികസനത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലെ പുനരധിവാസ-പുനഃസ്ഥാപന ധനസഹായം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. വി. സുമേഷ് | അഴീക്കൽ പോർട്ടിന്റെ പ്രവർത്തനം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ദെലീമ | പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ | മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജില്ലയിലെ സർക്കാർ ലാബുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ്</u>:

i) കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെടാൻ അവസരം ലഭ്യമാക്കാത്തതിനെതിരെ ചട്ടം 303 പ്രകാരം ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

" സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റിന്മേലുള്ള സൂക്ഷ്മപരിശോധനാ പരിധിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്നില്ലെന്നും, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സഭയിൽ സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത്

പരിശോധിക്കാൻ അവസരം ലഭിക്കുന്നില്ലെന്നും, കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കുവാൻ ക്രമീകരണം ഏർപ്പെടുത്തണമെന്ന് 2019 ജൂലൈ 4-ാം തീയതി ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നും നാളിതുവരെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലെന്നുമാണ് ശ്രീ. എ.പി. അനിൽ കുമാർ ഒരു ക്രമപ്രശ്നമായി ഇവിടെ ഉന്നയിച്ചത്.

കിഫ്ബിയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചും കിഫ്ബിയുടെ ഓഡിറ്റ് സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമല്ല. അന്നേ ദിവസം സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി. & എ. ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ അന്ന് സംഭവിച്ചത്. അത് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു പ്രത്യേക സന്ദർഭം ഒഴിവാക്കിയാൽ പൊതുവിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സി. & എ.ജി.യുടെ എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിശോധിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കുള്ള അധികാരങ്ങളെ യാതൊരു വിധത്തിലും ദുർബ്ബലപ്പെടുത്തിയിട്ടില്ലെന്നതാണ് വസ്തുത.

അതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന "പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനു കീഴിൽ വരുന്ന " 5475 -മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്" എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല എന്നിരുന്നാലും പ്രസ്തുത മേജർ ഹെഡ്ഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽനിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ അധികാരവും നിലനിൽക്കുന്നുണ്ട്. ഭാവിയിൽ അത്തരം സാധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് ചെയർ കരുതുന്നു.

ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്ത വർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിന്റെ കീഴിൽ വരുന്ന വിശദാംശങ്ങൾ കൂടി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. "

ii) ആവർത്തിച്ച് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനെതിരെ ശ്രീ. അനൂപ് ജേക്കബ് ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

" നിയമ നിർമ്മാണത്തിൽ ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് പൊതുചർച്ച പൂർത്തീകരിച്ചതിനുശേഷം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ ഒരു സെലക്ട് കമ്മിറ്റിയുടെയോ വിശദമായ പരിശോധനയ്ക്ക് അയയ്ക്കുകയും തുടർന്ന് പ്രസ്തുത സമിതി പരിശോധന പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കുന്ന ബില്ല് വിശദമായി ചർച്ച ചെയ്തും വകുപ്പ് തിരിച്ച് പരിഗണിച്ചുമാണ് നിയമസഭ നിയമങ്ങൾക്ക് രൂപം നൽകുന്നത്. എന്നാൽ ഈ രീതിയിൽ നിന്നും വിഭിന്നമായി ഓർഡിനൻസിലൂടെ നിയമങ്ങൾ നിർമ്മിക്കുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവ വീണ്ടും re-promulgate ചെയ്തുകൊണ്ട് പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്ന പ്രവണതയെ ആണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ക്രമപ്രശ്നത്തിലൂടെ ചോദ്യം ചെയ്തിരിക്കുന്നത്.

അതോടൊപ്പം 2019 മാർച്ച് 1-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the Services under the Waqf Board) Ordinance ലാപ്സായതിനെത്തുടർന്ന് 2020-ൽ വീണ്ടും പുറപ്പെടുവിച്ചുവെങ്കിലും ആദ്യ ഓർഡിനൻസിൻ കീഴിൽ കൈക്കൊണ്ട നടപടികൾക്കായുള്ള validation clause ചേർത്തില്ല എന്നും അത് ക്രമപ്രകാരമല്ലെന്നും അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി.

ഒരേ ഓർഡിനൻസ് തന്നെ പല പ്രാവശ്യം ആവർത്തിച്ച് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതുപോലെ പുറപ്പെടുവിച്ച ഓർഡിനൻസുകളുടെ ആധികാരികതയെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതൊക്കെത്തന്നെ വസ്തുതാപരമെന്ന് തന്നെയാണ് കാണുന്നത്.

കോവിഡിനെത്തുടർന്നുണ്ടായ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവ് വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമായതെന്ന് നമുക്കൊക്കെ അറിയുന്ന കാര്യമാണ്. പുതിയ നികുതി നിർദ്ദേശങ്ങൾ അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതും സുപ്രധാനമായതുമായ ഒട്ടേറെ നിയമങ്ങളാണ് ബില്ലുകളായി സഭ മുൻപാകെ വരാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന മൊത്തം 44 ഓർഡിനൻസുകളും സഭയുടെ ഈ സമ്മേളനം അവസാനിക്കുന്നതോടുകൂടി re-promulgate ചെയ്യേണ്ടി വരുമെന്നാണ് കാണുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പല ഓർഡിനൻസുകളും അഞ്ചിലധികം പ്രാവശ്യം re-promulgate ചെയ്യപ്പെട്ടവയാണ് എന്ന വസ്തുത കൂടി നാം ഓർക്കേണ്ടതുണ്ട്.

അനിയന്ത്രിതമായി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണെന്ന 1987-ലെ D.C. Wadhara V. State of Bihar [(1987) I Sec, 378] എന്ന കേസ്സിലെ സുപ്രീംകോടതി വിധിക്കുശേഷം രാജ്യത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന കാര്യത്തിലും അവ വീണ്ടും വീണ്ടും re-promulgate ചെയ്യുന്ന കാര്യത്തിലും നിയന്ത്രണം ഉണ്ടായിട്ടുണ്ടെങ്കിലും ആ രീതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയാറില്ലെന്നതാണ് രാജ്യത്തെ പൊതുവായിട്ടുള്ള സ്ഥിതി.

ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ നിലവിലെ അവസ്ഥയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് കാണുന്നതിനാൽ ഇപ്പോൾ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമനിർമ്മാണത്തിന് മാത്രമായി 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് എല്ലാ ഓർഡിനൻസുകളേയും replace ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുകയും ചെയ്യുന്നു."

iii) വൈദ്യുതി വകുപ്പുമന്ത്രിയുടെ ഔദ്യോഗിക സ്ഥാനപ്പേര് നിയമസഭാ രേഖകളിൽ വ്യത്യസ്തങ്ങളായ രൂപത്തിൽ പ്രസിദ്ധീകരിച്ചതിനെതിരെ ശ്രീ. മഞ്ഞളാംകുഴി അലി ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പമന്ത്രി' എന്നും 'വൈദ്യുതി വകുപ്പമന്ത്രി' എന്നും വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തങ്ങളായി നിയമസഭാ രേഖകളിൽ പ്രസിദ്ധം ചെയ്യുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്താനും ഭാവിയിൽ ആവർത്തിക്കാതിരിക്കാനും നിർദ്ദേശം നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പിശകുകൾക്ക് ആധാരമായ രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നു കൂടാതെ തന്നെയാണ് നിയമസഭാ രേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ നിലവിൽ വന്നതിനെത്തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച മേയ് 27-ാം തീയതിയിലെ സർക്കുലർ ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് 'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന് പൊതുഭരണ വകുപ്പിന്റെ ജൂൺ 24ാം തീയതിയിലെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ ഇപ്പോൾ നിയമസഭാ രേഖകളിൽ അപ്രകാരം 'വൈദ്യുതി വകുപ്പമന്ത്രി' എന്ന് ശരിയായ രീതിയിലാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസം ഇല്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. "

ധനകാര്യം :

I) ധനകാര്യ വകുപ്പമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-2022 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വച്ചു.

II) 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് എന്ന XV - ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും, തുറമുഖങ്ങൾ എന്ന XL- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

XV - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 7, 8, 11, 12, 13, 14, 15, 16, 17, 19, 20, 21, 22, 23, 25, 26, 27, 30, 31, 32, 33, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XL - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 21,22, 24, 25, 26, 27, 28, 29, 32, 33, 34, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XLII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 21, 23, 24, 28, 29, 30, 31, 32, 34 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. എം. മുകേഷ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. എച്ച്. സലാം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കെ. ആൻസലൻ

ശ്രീ. എ. രാജ

ഡോ. എം. കെ. മുനീർ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. റോജി എം. ജോൺ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും, തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XV, XL, XLII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ആഗസ്റ്റ് 3- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.01 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

(Brief Record of Proceedings )

*Monday, August 2, 2021*

**No. 20**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

(The members belonging to the opposition did not raise question No. 212 which was given notice of by them and included in the List of Questions.)

*Felicitation:*

The Speaker made a reference felicitating Smt. P. V. Sindhu for winning Bronze Medal in Badminton in Tokyo Olympics.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri. Shafi Parambil and four other Members to the serious situation reported to have arisen consequent to the Government stand not to extend validity of other PSC Rank lists as their term end in 4th August 2021, that go with the judgement of extending a period of two months to the Last Grade Servants Rank list by Kerala Administrative Tribunal .

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

(1) Shri. P. Nandakumar called the attention of the Minister for General Education and Labour to the necessity to urge the Central Government to reclaim the amendments in the Labour Codes which curtail the rights of Labourers'. The Minister made a statement thereto.

(The second Notice listed in the List of Business was not moved.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ആശ്വാസകിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ആനുകൂല്യം | ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | പാരിപ്പള്ളിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തിയ സ്ത്രീയുടെ കയ്യിൽനിന്നും മത്സ്യം തട്ടിപ്പറിച്ച് നശിപ്പിച്ച സംഭവം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് റോഡ് | പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പമന്ത്രി |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി | തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും എക്സൈസും വകുപ്പമന്ത്രി |
| 5 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളിയിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റവന്യൂ കോംപ്ലക്സ് നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 6 | ശ്രീമതി കാനത്തിൽ ജമീല | വെങ്ങളം-അഴിയൂർ ദേശീയപാത വികസനത്തിലുൾപ്പെട്ടുന്ന പ്രദേശങ്ങളിലെ പുനരധിവാസ-പുനഃസ്ഥാപന ധനസഹായം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. വി. സുമേഷ് | അഴീക്കൽ പോർട്ടിന്റെ പ്രവർത്തനം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ദെലീമ | പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ | മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജില്ലയിലെ സർക്കാർ ലാബുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

i) The Speaker gave the following ruling on the point of order raised under Rule 303 by Shri. A. P. Anil Kumar regarding the denial of opportunity to examine the detail of accounts related to KIIFB.

" സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റിന്മേലുള്ള സൂക്ഷ്മപരിശോധനാ പരിധിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്നില്ലെന്നും, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സഭയിൽ സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട

നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത് പരിശോധിക്കാൻ അവസരം ലഭിക്കുന്നില്ലെന്നും, കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കുവാൻ ക്രമീകരണം ഏർപ്പെടുത്തണമെന്ന് 2019 ജൂലൈ 4-ാം തീയതി ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നും നാളിതുവരെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലെന്നുമാണ് ശ്രീ. എ.പി. അനിൽ കുമാർ ഒരു ക്രമപ്രശ്നമായി ഇവിടെ ഉന്നയിച്ചത്.

കിഫ്ബിയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചും കിഫ്ബിയുടെ ഓഡിറ്റ് സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമല്ല. അന്നേ ദിവസം സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി. & എ. ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ അന്ന് സംഭവിച്ചത്. അത് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു പ്രത്യേക സന്ദർഭം ഒഴിവാക്കിയാൽ പൊതുവിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സി. & എ.ജി.യുടെ എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിശോധിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കുള്ള അധികാരങ്ങളെ യാതൊരു വിധത്തിലും ദുർബ്ബലപ്പെടുത്തിയിട്ടില്ലെന്നതാണ് വസ്തുത.

അതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന "പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനു കീഴിൽ വരുന്ന " 5475 – മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്" എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും പ്രസ്തുത മേജർ ഹെഡ്ഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽനിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ അധികാരവും നിലനിൽക്കുന്നുണ്ട്. ഭാവിയിൽ അത്തരം സാധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് ചെയർ കരുതുന്നു.

ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്ത വർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിന്റെ കീഴിൽ വരുന്ന വിശദാംശങ്ങൾ കൂടി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. "

ii) The Speaker gave the following ruling on the point of order raised under Rule 303 by Shri. Anoop Jacob against the frequent re-promulgation of Ordinances.

"നിയമ നിർമ്മാണത്തിൽ ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് പൊതുചർച്ച പൂർത്തീകരിച്ചതിനുശേഷം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ ഒരു സെലക്ട് കമ്മിറ്റിയുടെയോ വിശദമായ പരിശോധനയ്ക്ക് അയയ്ക്കുകയും തുടർന്ന് പ്രസ്തുത സമിതി പരിശോധന പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കുന്ന ബില്ല് വിശദമായി ചർച്ച ചെയ്തും വകുപ്പ് തിരിച്ച് പരിഗണിച്ചുമാണ് നിയമസഭ നിയമങ്ങൾക്ക് രൂപം നൽകുന്നത്. എന്നാൽ ഈ രീതിയിൽ നിന്നും വിഭിന്നമായി ഓർഡിനൻസിലൂടെ നിയമങ്ങൾ നിർമ്മിക്കുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവ വീണ്ടും re-promulgate ചെയ്തുകൊണ്ട് പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്ന പ്രവണതയെ ആണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ക്രമപ്രശ്നത്തിലൂടെ ചോദ്യം ചെയ്തിരിക്കുന്നത്.

അതോടൊപ്പം 2019 മാർച്ച് 1-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the Services under the Waqf Board) Ordinance ലാപ്സായതിനെത്തുടർന്ന് 2020-ൽ വീണ്ടും പുറപ്പെടുവിച്ചുവെങ്കിലും ആദ്യ ഓർഡിനൻസിൻ കീഴിൽ കൈക്കൊണ്ട നടപടികൾക്കായുള്ള validation clause ചേർത്തില്ല എന്നും അത് ക്രമപ്രകാരമല്ലെന്നും അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി.

ഒരേ ഓർഡിനൻസ് തന്നെ പല പ്രാവശ്യം ആവർത്തിച്ച് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതുപോലെ പുറപ്പെടുവിച്ച ഓർഡിനൻസുകളുടെ ആധികാരികതയെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതൊക്കെത്തന്നെ വസ്തുതാപരമെന്ന് തന്നെയാണ് കാണുന്നത്.

കോവിഡിനെത്തുടർന്നുണ്ടായ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവ് വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമായതെന്ന് നമുക്കൊക്കെ അറിയുന്ന കാര്യമാണ്. പുതിയ നികുതി നിർദ്ദേശങ്ങൾ

അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതും സുപ്രധാനമായതുമായ ഒട്ടേറെ നിയമങ്ങളാണ് ബില്ലുകളായി സഭ മുൻപാകെ വരാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന മൊത്തം 44 ഓർഡിനൻസുകളും സഭയുടെ ഈ സമ്മേളനം അവസാനിക്കുന്നതോടുകൂടി re-promulgate ചെയ്യേണ്ടി വരുമെന്നാണ് കാണുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പല ഓർഡിനൻസുകളും അഞ്ചിലധികം പ്രാവശ്യം re-promulgate ചെയ്യപ്പെട്ടവയാണ് എന്ന വസ്തുത കൂടി നാം ഓർക്കേണ്ടതുണ്ട്.

അനിയന്ത്രിതമായി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണെന്ന 1987-ലെ D.C. Wadhara V. State of Bihar [(1987) I Scc, 378] എന്ന കേസ്സിലെ സുപ്രീംകോടതി വിധിക്കുശേഷം രാജ്യത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന കാര്യത്തിലും അവ വീണ്ടും വീണ്ടും re-promulgate ചെയ്യുന്ന കാര്യത്തിലും നിയന്ത്രണം ഉണ്ടായിട്ടുണ്ടെങ്കിലും ആ രീതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയാറില്ലെന്നതാണ് രാജ്യത്തെ പൊതുവായിട്ടുള്ള സ്ഥിതി.

ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ നിലവിലെ അവസ്ഥയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് കാണുന്നതിനാൽ ഇപ്പോൾ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമനിർമ്മാണത്തിന് മാത്രമായി 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് എല്ലാ ഓർഡിനൻസുകളേയും replace ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുകയും ചെയ്യുന്നു."

iii) The Speaker gave the following ruling to the point of order raised under Rule 303 by Shri. Manjalamkuzhi Ali regarding the recording of the official position of Minister for Electricity in different forms in Assembly records.

"ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പുമന്ത്രി' എന്നും 'വൈദ്യുതി വകുപ്പുമന്ത്രി' എന്നും വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തങ്ങളായി നിയമസഭാ രേഖകളിൽ പ്രസിദ്ധം ചെയ്യുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്താനും ഭാവിയിൽ ആവർത്തിക്കാതിരിക്കാനും നിർദ്ദേശം നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പിശകുകൾക്ക് ആധാരമായ രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നു കൂടാതെ തന്നെയാണ് നിയമസഭാ രേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ നിലവിൽ വന്നതിനെത്തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച മേയ് 27-ാം തീയതിയിലെ സർക്കുലർ ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് 'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പുമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന് പൊതുഭരണ വകുപ്പിന്റെ ജൂൺ 24ാം തീയതിയിലെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ ഇപ്പോൾ നിയമസഭാ രേഖകളിൽ അപ്രകാരം 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് ശരിയായ രീതിയിലാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസം ഇല്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. "

*Financial Business :*

I) Shri. K. N. Balagopal, Minister for Finance laid on the table the Supplementary Financial Statement in the Revised Budget for the fianancial year 2021-2022.

II) *Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*

Shri P. A. Mohammed Riyas, Minister for Public Works and Tourism moved Demand No. XV-Public Works and Demand No. XLII-Tourism and Shri. Ahammad Devarkovil, Minister for Ports, Museums and Archaeology moved Demand No. XL - Ports for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. XV, XL and XLII.

The cut motion Nos. 2, 3, 4, 5, 7, 8, 11, 12, 13, 14, 15, 16, 17, 19, 20, 21, 22, 23, 25, 26, 27, 30, 31, 32, 33, 35, 36 in the list of cut motions for Demand No. XV, the cut motion Nos. 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 21, 22, 24, 25, 26, 27, 28, 29, 32, 33, 34, 35 in the list of cut motions for Demand No. XL and cut motion Nos. 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 21, 23, 24, 28, 29, 30, 31, 32, 34 in the list of cut motions for Demand No. XLII were moved.

The following members took part in the discussion:

Shri C. K. Hareendran

Shri T. Siddique

Shri T. V. Ibrahim

Shri K. N. Unnikrishnan

Shri P. J. Joseph

Shri Sebastian Kulathunkal

Shri M. Mukesh

Shri K. B. Ganesh Kumar

Shri H. Salam

Shri I. C. Balakrishnan

Shri K. Ansalan

Shri A. Raja

Dr. M. K. Muneer

Shri E. Chandrasekharan

Shri A. C. Moideen

Shri Roji M. John

Shri P. A. Mohammed Riyas, Minister for Public Works and Tourism and Shri. Ahammad Devarkovil, Minister for Ports, Museums and Archaeology replied to the points raised during the discussion. The cut motions were declared lost. Then the Demand No. XV, XL and XLII were put to vote and passed.

The House adjourned at 4.01 p.m. to meet again at 9.00 a.m on Tuesday, August 3, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*